# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **4011**      20.07.2015-ലെ മറുപടിക്ക്

## കാസർഗോഡ്- കാഞ്ഞങ്ങാട് സംസ്ഥാന പാത അഭിവൃദ്ധിപ്പെടുത്തൽ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)** | | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് - കാഞ്ഞങ്ങാട് സംസ്ഥാന പാത അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന കാസർഗോഡ് - കാഞ്ഞങ്ങാട് സംസ്ഥാന പാതയുടെ പ്രവൃത്തിയുടെ കരാർ തുക 133.06 കോടി രൂപയാണ് |
| (ബി) | പ്രസ്തുത പ്രോജക്ടിൽ എന്തൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | നിലവിലുള്ള പാതയുടെ വീതി കൂട്ടിയുള്ള വികസനം, റോഡിന്റെ ഉയർച്ച താഴ്ച ക്രമീകരണം, റോഡ് ജ്യോമെട്രിക്സ് ഇംപ്രൂവ് ചെയ്യുക, ഓടകളുടെയും, കലുങ്കുകളുടെയും നിർമ്മാണം, സമാന്തര ചിത്താരി പാലത്തിന്റെ നിർമ്മാണം, റോഡ് മാർക്കിംഗ്, വയഡക്ട് നിർമ്മാണം, റോഡ് ജംഗ്ഷനുകളുടെ നിർമ്മാണം, റോഡ് മാർക്കിംഗ്, സൈൻ ബോർഡ് സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | എഗ്രിമെന്റ് വ്യവസ്ഥപ്രകാരം, പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തീകരിച്ച് നൽകേണ്ടത്; നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി ഏത് വരെയായെന്ന് വിശദമാക്കാമോ ? | (സി) | കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 26.03.2016-ൽ ആണ്. നിലവിൽ 28 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**